# ജി.പി.എം.എൽ.പി.എസ്
# കിരാലൂർ



# ടീം ജി പി എം എൽ പി എസ് കിരാലൂർ



സബിത കെ എം

പ്രധാനാധ്യാപിക



റീന ടി എ

അധ്യാപിക



ഇന്ദുലേഖ പി

അധ്യാപിക



നിഷ കെ ബി

അധ്യാപിക



ജയലക്ഷ്മി

പ്രീപ്രൈമറി



ജയദേവി

പ്രീപ്രൈമറി



പ്രഭ

പാചകത്തൊഴിലാളി

# ടീം ജി പി എം എൽ പി എസ് കിരാലൂർ




പഞ്ചായത്ത് പ്രസിഡൻണ്ട്&വാർഡ് മെമ്പർ









സഫ്ദർഹാഷ്മി — P.T.A പ്രസിഡന്റ്

മനോജ് — SMC ചെയർമാൻ

രാധാകൃഷ്ണൻ — PTA വൈസ്പ്രസിഡന്റ്

സുജിൽ പി — SMC വൈസ്ചെയർമാൻ





സോനു — എംപിടി എ പ്രസിഡന്റ്

സരിത — എം പി ടി എ വൈസ്പ്രസിഡന്റ്

# അടിസ്ഥാന വിവരങ്ങൾ

സ്കൂളിന്റെ പേര് : ജി.പി.എം.എൽ.പി.എസ്.കിരാലൂർ

സ്കൂൾ മാനേജ്മെന്റ് ടൈപ്പ് : ഗവൺമെന്റ്

സ്കൂൾ കോഡ് : 24629

വിദ്യാഭ്യാസ ഉപജില്ല : വടക്കാഞ്ചേരി

വിദ്യാഭ്യാസ ജില്ല : ചാവക്കാട്

ബി.ആർ.സി :വടക്കാഞ്ചേരി

ഗ്രാമപഞ്ചായത്ത് : വേലൂർ

ബ്ലോക്ക് പഞ്ചായത്ത് : ചൊവ്വന്നൂർ

താലൂക്ക് :കുന്നംകുളം

നിയമസഭാ മണ്ഡലം :കുന്നംകുളം

ലോകസഭാ മണ്ഡലം :ആലത്തൂർ

ഇമെയിൽ : pmlpsk@gmail.com

# ആമുഖം

പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങൾ ആക്കുക എന്ന ലക്ഷ്യത്തോടെ നവകേരള മിഷന്റെ ഭാഗമായി സർക്കാർ ആരംഭിച്ച പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം ഫലപ്രാപ്തിയിൽ എത്തണമെങ്കിൽ നമ്മുടെ വിദ്യാലയത്തിന്റെ നിലവാരം ഉയർത്തുന്നതിനായി വിവിധ കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതുണ്ട്.

നമ്മൾ ആസൂത്രണം ചെയ്യുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ആയാൽ മാത്രമേ നമ്മുടെ വിദ്യാർത്ഥികളുടെ അറിവും കഴിവും വർധിപ്പിച്ച് നമ്മുടെ വിദ്യാലയത്തെ മികവുറ്റതാക്കാൻ കഴിയൂ. അതിനായി എല്ലാ രക്ഷിതാക്കളുടേയും പൂർവ്വ വിദ്യാർത്ഥികളുടേയും എം.എൽ.എ, എം.പി, സന്നദ്ധസംഘടനകൾ, നാട്ടുകാർ എന്നിവരുടെ ആത്മാർത്ഥമായ പ്രവർത്തനങ്ങളും സഹകരണവും അത്യാവശ്യമാണ്.

ഭാഷയും, ശാസ്ത്രവും,ഗണിതവും എല്ലാം ആയാസ രഹിതമായി കൈകാര്യം ചെയ്യാനും, പ്രകൃതിയെന്ന വിശാലമായ പരീക്ഷണശാലയിലെ പ്രവർത്തനങ്ങൾ കണ്ടും,തൊട്ടും,അനുഭവവേദ്യമാക്കി പ്രകൃതി സ്നേഹികളും മനുഷ്യസ്നേഹികളുമായ നല്ല തലമുറയെ വാർത്തെടുക്കാനുള്ള പദ്ധതികൾ നമുക്ക് ആവിഷ്കരിക്കാം.

## ലക്ഷ്യങ്ങൾ

പൂർണമായും ശിശു സൗഹൃദ വിദ്യാലയം ആക്കുക, കുട്ടിയുടെ കഴിവ് കേവലം വിഷയ പഠനത്തിൽ ഒതുക്കാതെ സർഗ്ഗപരമായ കഴിവുകൾ വികസിപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക, കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക, ക്യാമ്പസ് ഒരു പാഠപുസ്തകം എന്ന കാഴ്ചപ്പാടിൽ ജൈവവൈവിധ്യപാർക്കും ശലഭോദ്യാനവും ഒരുക്കുക, ശാസ്ത്ര ബോധമുള്ള ഉത്തമ പൗരന്മാരെ വാർത്ത് എടുക്കുക, ക്ലാസ് മുറികൾ സ്മാർട്ട് ആക്കുക, ഭാഷകൾ അനായാസമായി കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക, വിദ്യാലയം മികവിന്റെ കേന്ദ്രമാക്കി മാറ്റുക.

## വിദ്യാലയത്തിന്റെ ചരിത്രം

1935 ൽ ബ്രഹ്മശ്രീ പരശുരാമയ്യർ കിരാലൂരിലെ സാധാരണക്കാരായ കുട്ടികൾക്ക് അറിവിന്റെ ആദ്യാക്ഷരം കുറിക്കാനായി ആരംഭിച്ചതാണ് ഈ വിദ്യാലയം. തൃശ്ശൂർ ജില്ലയിലെ വേലൂർ പഞ്ചായത്തിലെ കിരാലൂർ ഗ്രാമത്തിലാണീ വിദ്യാലയം. കിരാലൂരിലെ സാധാരണക്കാരായ ജനങ്ങളുടെ വിദ്യഭ്യാസപരമായ പ്രാഥമിക കാര്യങ്ങൾ നിർവഹിക്കുന്നതിൽ ഈ വിദ്യാലയം പര്യാപ്തമായിരുന്നു. സമീപപ്രദേശങ്ങളിൽ ആരംഭിച്ച അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ കടന്നുകയറ്റം മൂലം സ്കൂളിൽ കുട്ടികളുടെ എണ്ണം കുറയാൻ ഇടയായി. അതുകൊണ്ട് സാമ്പത്തിക ലാഭമില്ലാതായതുകൊണ്ട് സ്കൂൾ മാനേജർ ശ്രീ പത്മനാഭൻ സ്കൂൾ അടച്ചു പൂട്ടാനുള്ള ശ്രമങ്ങൾ ആരംഭിച്ചു. 2011 ൽ അദ്ദേഹം സ്കൂൾ അടച്ചിടുകയും തുടർന്ന് നാട്ടുകാരും രക്ഷിതാക്കളും ചേർന്ന് സ്കൂൾ തുറക്കുകയും ഡി.പി.ഐ സ്കൂൾ തുടർന്ന് പ്രവർത്തിക്കാനുള്ള അനുവാദം നൽകുകയും ചെയ്തു. തുടർന്ന് ഹൈക്കോടതിയിൽ കേസ് നടക്കുകയും 2015 നവംബറിൽ മാനേജർ അനുകൂലമായി വിധി സമ്പാദിക്കുകയും ചെയ്തു. തുടർന്ന് സുപ്രീം കോടതിയിലും അനുകൂലമായ വിധി നേടി. തന്മൂലം 2016 മെയ് 29 ആം തീയതി വടക്കാഞ്ചേരി എ. ഇ. ഒ വിദ്യാലയം അടച്ചുപൂട്ടി. കുട്ടികൾ ഒന്നും സ്കൂളിൽ നിന്ന് ടി.സി വാങ്ങി പോകുവാൻ തയ്യാറാകാതെ രക്ഷിതാക്കളും നാട്ടുകാരും അഭ്യുദയകാംക്ഷികൾ ആയ വ്യക്തികളും ചേർന്ന സമരപരിപാടികൾ ആരംഭിച്ചു. പിന്നീട് പൊതുവിദ്യാഭ്യാസ സംരക്ഷണം പ്രത്യേക താൽപര്യത്തോടെ കാണുന്ന ഈ സർക്കാർ ഈ വിദ്യാലയം ഉൾപ്പെടെയുള്ള നാല് വിദ്യാലയങ്ങൾ ഏറ്റെടുത്തു.

## വിദ്യാലയം മികവിന്റെ കേന്ദ്രം

ഒരു കുട്ടിയുടെ സർവ്വതോന്മുഖമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ഉദ്ദേശിക്കുന്നത്. കേവലം പാഠപുസ്തകങ്ങളിൽ ഒതുങ്ങിയുള്ള പഠനം കൊണ്ട് ഈ ലക്ഷ്യം സാധിക്കാനാവില്ല. വിദ്യാർത്ഥി തന്റെ ചുറ്റുപാടിനെ കുറിച്ച് പഠിക്കാൻ ആയി ശാസ്ത്രീയ അടിസ്ഥാനത്തിലുള്ളതും, അനുയോജ്യവുമായ നേരാനുഭവം ലക്ഷ്യമാക്കി വിവിധ പഠന സാഹചര്യങ്ങൾ ഒരുക്കിക്കൊണ്ടുള്ള പഠനം സാധ്യമാകുന്ന വിദ്യാലയം. ക്യാമ്പസ് ഒരു പാഠപുസ്തകം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്ന തരത്തിൽ പ്രകൃതി എന്ന വിശാലമായ പരീക്ഷണശാലയുടെ അർത്ഥവും വ്യാപ്തിയും മനസ്സിലാക്കിക്കൊണ്ട് സസ്യ ജൈവവൈവിധ്യ പാർക്കും ശലഭോദ്യാനവും ചെറുകാടുകളും നിറഞ്ഞ വിദ്യാലയം. പഞ്ചേന്ദ്രിയങ്ങളിലൂടെ നേരിട്ട് കാര്യങ്ങൾ അനുഭവ വേദ്യമാക്കി മികച്ച രീതിയിൽ ശാസ്ത്രപഠനം നടത്താനാവുന്ന വിദ്യാലയം.

ഐ. സി. ടി സാധ്യതകൾ പ്രയോജനപ്പെടുത്തി കുട്ടികൾക്ക് പഠനം പാൽപ്പായസം ആക്കുന്ന വിദ്യാലയം, കളികളിലൂടെ മാനസികോല്ലാസം സാധ്യമാക്കാൻ ഉതകുന്ന തരത്തിലുള്ള കളി ഉപകരണങ്ങളും കളി സ്ഥലവും അടങ്ങിയ വിദ്യാലയം. വായന അറിവിന്റെ ലോകത്തിലേക്കുള്ള വാതായനമാണ്. വായനയിലൂടെ തന്റെ അറിവിന്റെ ലോകം വികസിപ്പിക്കാൻ ഉതകുന്ന തരത്തിലുള്ള പുസ്തകങ്ങൾ അടങ്ങിയ വിശാലമായ റീഡ് റൂമുകൾ അടങ്ങിയ വിദ്യാലയം.

കാർഷികാഭിരുചി വളർത്തി മണ്ണിന്റെ മണവും ഗുണവും മനസ്സിലാക്കി കൃഷി നടത്താൻ തയ്യാറാക്കുന്ന കാർഷിക സംസ്കാരത്തിന് ഊന്നൽ നൽകുന്ന വിദ്യാലയം.

## പദ്ധതി രൂപീകരണ പ്രക്രിയ

എസ്.ആർ.ജി യോഗത്തിൽ രൂപം കൊണ്ട ആശയങ്ങൾ പി. ടി. എ, എസ്.എസ്.ജി എന്നിവരുടെ യോഗത്തിൽ അവതരിപ്പിച്ചു. ചർച്ചയിലൂടെ രൂപംകൊണ്ട പ്രവർത്തനങ്ങൾ ചേർത്താണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്.

# ഭാഷാശേഷി വികസനം

## മധുരം മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ |
|---|---|
| • മാതൃഭാഷ സുഗമമായി എഴുതാനും വായിക്കാനും കഴിയുന്നതിന് | • പ്രീ ടെസ്റ്റ് നടത്തി വായിക്കാനും എഴുതുവാനും പ്രയാസം നേരിടുന്നവരെ കണ്ടെത്തുക<br>• പരിഹാരബോധനത്തിനായി പഠനോപകരണങ്ങളും വർക്ക് ഷീറ്റുകളും തയ്യാറാക്കുന്നു. പരിഹാരബോധനം നടത്തുന്നു.<br>• പോസ്റ്റ് ടെസ്റ്റ് നടത്തി പുരോഗതി കണ്ടെത്തുന്നു |
| • സർഗശേഷി വികസിപ്പിക്കുക | • കുട്ടിയുടെ രചനകളെ പ്രോത്സാഹിപ്പിക്കാനായി രചന ക്ലാസുകൾ സംഘടിപ്പിക്കുന്നു.<br>• എല്ലാമാസവും ഇൻലന്റ് മാസിക പ്രസിദ്ധീകരിക്കും |

## ലൈബ്രറി വികസനം

## പുസ്തകത്താളുകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ |
| --- | --- |
| • കുട്ടികളുടെയും രക്ഷിതാക്കളുടെയും വായനാശീലം വികസിപ്പിക്കുക | • ക്ലാസ് ലൈബ്രറിയിലേക്ക് സ്കൂൾ ലൈബ്രറിയിലേക്ക് കൂടുതൽ പുസ്തകങ്ങൾ സമാഹരിക്കുന്നു.<br><br>• എല്ലാ രക്ഷിതാക്കളെയും ലൈബ്രറിയിൽ അംഗത്വം എടുപ്പിക്കുന്നു. അവർ വായിച്ച പുസ്തകങ്ങളെ കുറിച്ച് സംസാരിക്കുവാൻ അവസരം നൽകുന്നു. കുട്ടികളുടെയും രക്ഷിതാക്കളുടെയും നല്ല ആസ്വാദനക്കുറിപ്പുകൾ ഐ.ടി സാധ്യതകൾ ഉപയോഗിച്ച് പ്രചരിപ്പിക്കുന്നു.<br><br>• എല്ലാദിവസവും അരമണിക്കൂർ പുസ്തകങ്ങളെ ചങ്ങാതികൾ ആക്കാൻ അവസരം നൽകുന്നു.<br><br>• നാട്ടിലെ വായനശാലയിൽ കുട്ടികളെ കൊണ്ട് മെമ്പർഷിപ്പ് എടുപ്പിച്ച് പുസ്തകങ്ങൾ എടുക്കാൻ അവസരം നൽകുന്നു. |

## സാങ്കേതിക സഹായത്താൽ ഉള്ള പഠനം

## പഠനം പാൽപ്പായസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ |
|---|---|
| • ഐ.സി.ടി സാധ്യതകൾ ഉപയോഗിച്ചുകൊണ്ട് പഠനം കൂടുതൽ രസകരവും ആനായാസം ആക്കുക. | • സ്മാർട്ട് ക്ലാസ്സ് റൂമുകൾ തയ്യാറാക്കുന്നു. കളിപ്പെട്ടിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നു. |

## സ്വയം പര്യാപ്തിയിൽ ഉച്ച ഭക്ഷണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ |
|---|---|
| • വിഷ രഹിതവും പോഷക സമൃദ്ധവും ചിലവു കുറഞ്ഞതുമായ ഉച്ചഭക്ഷണം ലഭ്യമാക്കുന്നു<br><br>• കൃഷി ഒരു സംസ്കാരമായി വളർത്തിയെടുക്കുന്നു. | • പിടിഎയുടെയും കുട്ടികളുടെയും സഹകരണത്തോടെ വിപുലമായ പച്ചക്കറിത്തോട്ടം തയ്യാറാക്കുന്നു. |

<u>ശാസ്ത്രാഭിരുചി വളർത്തൽ</u>

| ലക്ഷ്യം | പ്രവർത്തനങ്ങൾ |
|---|---|
| • കുട്ടികളെ ശാസ്ത്രബോധമുള്ള ഉത്തമ പൗരന്മാരായി വളർത്തുക. | • സയൻസ് ക്ലാസ് വിപുലീകരണം.<br>• ലളിതമായ പരീക്ഷണ ഉപകരണങ്ങൾ തയ്യാറാക്കുന്നു.<br>• എല്ലാമാസവും സയൻസ് ക്ലബ്ബിന്റെ ഭാഗമായി പരീക്ഷണ കളരി ഒരുക്കുന്നു. |
| • നിരീക്ഷണ ബോധം വളർത്തുന്നു | • ജൈവവൈവിധ്യ പാർക്ക്, ശലഭോദ്യാനം, അക്വേറിയം, വൈവേറിയം എന്നിവ ഒരുക്കി കുട്ടികൾക്ക് നിരീക്ഷിച്ച പഠിക്കാൻ അവസരം നൽകുന്നു.<br>• യാത്രയും പഠനാനുഭവം ആക്കുവാൻ ഫീൽഡ് ട്രിപ്പുകൾ പി.ടി.എയുടെ സഹായത്തോടെ സംഘടിപ്പിക്കുന്നു. |
| • പൊതു അറിവുകൾ വികസിപ്പിക്കുക | • എല്ലാദിവസവും പത്രം വായിക്കാൻ അവസരം നൽകുന്നു.<br>• പൊതുവിജ്ഞാന പരീക്ഷകൾ സംഘടിപ്പിക്കുന്നു. |

## ഗണിതം ലളിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ |
|---|---|
| • ഗണിതം രസകരവും അനായാസപ്രദവും ആക്കൽ | • പ്രീ ടെസ്റ്റ് നടത്തി ഗണിതക്രിയകളിൽ കുട്ടികളുടെ നിലവാരം അറിയുന്നു.<br>• പഠന പ്രവർത്തനങ്ങളും വർക്ക് ഷീറ്റുകളും തയ്യാറാക്കുന്നു.<br>• പഠന ക്ലാസുകൾ നൽകുന്നു.<br>• മനക്കണക്ക് പരിശീലനം<br>• ഗണിത മൂല ഒരുക്കൽ<br>• ഗണിത ക്ലബ്ബ് രൂപീകരണം<br>• ഗുണന പട്ടികയും, സങ്കലന പട്ടികയും രസകരമായ കളികളിലൂടെ കുട്ടികളിൽ ഉറപ്പിക്കുന്നു.<br>• കുസൃതി കണക്കുകൾ പൊതുവേദിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു |

ഇംഗ്ലീഷും കൈപ്പിടിയിൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ |
|---|---|
| • എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ അനായാസമായി പറയുവാനും വായിക്കുവാനും എഴുതുവാനുമുള്ള ശേഷി വികസിപ്പിക്കൽ. | • കുട്ടികളുടെ പഠനനില കണ്ടെത്തി വിശകലനം ചെയ്തു മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>• പരിമിതികളെ അതിജീവിക്കാനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു<br>• ഇംഗ്ലീഷ് ഭാഷ കേൾക്കാനും സംസാരിക്കാനും അവസരം ഒരുക്കുന്നു.<br>• ക്ലാസ് ലൈബ്രറിയിൽ ചെറിയ ഇംഗ്ലീഷ് കഥാ പുസ്തകങ്ങൾ നൽകുന്നു.<br>• കുട്ടികളുടെ കൊച്ചു കൊച്ചു രചനകൾ ചേർത്ത് പതിപ്പുകൾ തയ്യാറാക്കി ഐടി സാധ്യതകൾ ഉപയോഗിച്ച് പ്രചരിപ്പിക്കുന്നു.<br>• എല്ലാദിവസവും ഒരു ഇംഗ്ലീഷ് പരിപാടിയുടെ അവതരണം നടത്തുന്നു. |

## കലാകായിക വിദ്യാഭ്യാസം
## ടെൻഷൻ ഫ്രീ

| ലക്ഷ്യം | പ്രവർത്തനങ്ങൾ |
|---|---|
| • സർഗാത്മകതയും ആരോഗ്യവുമുള്ള യുവതലമുറയെ വാർത്തെടുക്കൽ<br>• ശ്രദ്ധയും അച്ചടക്കവുമുള്ള കുട്ടികളെ വാർത്തെടുക്കൽ<br>• കലാഭിരുചി വളർത്തിയെടുക്കൽ<br>• ചുറ്റുപാടിൽ ജീവിക്കാനുള്ള സുരക്ഷ നേടുന്നതിന്<br>• കുട്ടികളുടെ മാനസിക ശാരീരിക ആരോഗ്യം മെച്ചപ്പെടുത്തുന്നു | • കായിക വിദ്യാഭ്യാസം നൽകുന്ന വിവിധതരം കളികൾ പരിശീലിപ്പിക്കുന്നു.<br>• നിർമ്മാണ പ്രവർത്തനങ്ങൾ പരിശീലനം.<br>• യോഗാ പരിശീലനം<br>• സംഗീതം,നൃത്തം, ചിത്രരചന എന്നിവയ്ക്ക് പരിശീലനം നൽകുന്നു.<br>• കുട്ടികളുടെ കഴിവുകൾ പ്രകടിപ്പിക്കാനായി എല്ലാ മാസവും ബാല സഭകൾ സംഘടിപ്പിക്കുന്നു.<br>• ദേശീയ ദിനാചരണങ്ങൾ പി.ടി.എയുടെ സഹകരണത്തോടെ വിപുലമാക്കുന്നു.<br>• നീന്തൽ പരിശീലിപ്പിക്കുന്നു<br>• സ്കൂളിന് ഒരു ഗെയിം ദിവസവും ഒന്ന്. മൂന്നുമണിക്ക് ശേഷം.<br>• സൂബ ഡാൻസ്, ലഘു വ്യായാമങ്ങൾ എല്ലാ ദിവസവും അസംബ്ലിയിൽ |

| ലൈബ്രറി വികസനം: പുസ്തകത്താളുകൾ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| • കുട്ടികളുടെയും രക്ഷിതാക്കളുടെയും വായനാശീലം വികസിപ്പിക്കുന്നു | • ക്ലാസ് ലൈബ്രറിയിലേക്കും സ്കൂൾ ലൈബ്രറിയിലേക്കും കൂടുതൽ പുസ്തകങ്ങൾ സമാഹരിക്കുന്നു. | 2 മാസം | ക്ലാസ് അധ്യാപകർ, പി.ടി.എ | പി. ടി.എ |
| | • എല്ലാ രക്ഷിതാക്കളെയും ലൈബ്രറിയിൽ അംഗത്വമെടുപ്പിക്കുന്നു. അവർ വായിച്ച പുസ്തകങ്ങളെ കുറിച്ച് സംസാരിക്കാൻ അവസരം നൽകുന്ന്നു.നല്ല ആസ്വാദനക്കുറിപ്പിന് സമ്മാനം നൽകുന്നു. | 1 വർഷം | പി.ടി.എ, അധ്യാപകർ | പി. ടി. എ |
| | • എല്ലാദിവസവും അരമണിക്കൂർ പുസ്തകങ്ങളെ ചങ്ങാതികൾ ആക്കാൻ അവസരം നൽകുന്നു. | | | |
| | • നാട്ടിലെ വായനാശാലയിൽ കുട്ടികളെ കൊണ്ട് മെമ്പർഷിപ്പ് എടുപ്പിക്കുന്നു. | 1വർഷം | ക്ലാസ് അധ്യാപകർ | |

| സ്വയം പര്യാപ്തതയിൽ ഉച്ച ഭക്ഷണം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക |

| | | | | |
|---|---|---|---|---|
| | | | | വിശകലനം |
| • വിഷ രഹിതവും പോഷക സമൃദ്ധവും ചിലവ് കുറഞ്ഞതുമായ ഉച്ചഭക്ഷണം ലഭ്യമാക്കുന്നു.<br><br>• കൃഷിയിൽ താല്പര്യമുള്ള ഒരു സമൂഹത്തെ വളർത്തിയെടുക്കുന്നു. | • പി. ടി. എയുടെയും കുട്ടികളുടെയും സഹായത്തോടെ നിലം ഒരുക്കുന്നു. വിത്തുകൾ നടുന്നു. വിത്ത് മുളക്കുന്നത് നിരീക്ഷിക്കുന്നു.<br><br>• കൃഷിപ്പണിയുടെ ഓരോ ഘട്ടങ്ങളായി കുട്ടികൾ പരിചയപ്പെടുന്നു. ചെയ്യുന്ന | ഒരാഴ്ച<br><br>ഒരാഴ്ച<br><br>3 മാസം | • പി. ടി.എ<br><br>• അധ്യാപകർ | അധ്യാപകർ, പി.ടി.എ, കൃഷിഭവൻ |

| കലാകായിക വിദ്യാഭ്യാസം ടെൻഷൻ ഫ്രീ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| • സർഗാത്മകതയും ആരോഗ്യവുമുള്ള യുവതലമുറയെ വാർത്തെടുക്കൽ. | • കായിക വിദ്യാഭ്യാസം നൽകുന്നു. വിവിധതരം കളികൾ പരിശീലിപ്പിക്കുന്നു.<br>• നിർമ്മാണ പ്രവർത്തനങ്ങളിൽ പരിശീലനം | 2 വർഷം | ക്ലാസ് അധ്യാപകൻ | പി. ടി. എ |
| | • യോഗ പരിശീലനം | | യോഗാധ്യാപകൻ | |
| • ശ്രദ്ധയും അച്ചടക്കവും ഉള്ള കുട്ടികളെ വാർത്തെടുക്കൽ | | | | അധ്യാപകർ |
| • കലാഭിരുചി വളർത്തിയെടുക്കൽ | • സംഗീതം, നൃത്തം, ചിത്രരചന എന്നിവയ്ക്ക് പരിശീലനം നൽകുന്നു | 3 വർഷം | അധ്യാപകർ | അധ്യാപകർ |
| | • കുട്ടികളുടെ കഴിവുകൾ പ്രകടിപ്പിക്കാനായി എല്ലാ മാസവും ബാലസഭകൾ സംഘടിപ്പിക്കുന്നു. ദേശീയ ദിനാചരണങ്ങൾ പിടിഎയുടെ സഹായത്തോടെ വിപുലമാക്കുന്നു. | | | |
| | • കുട്ടികളെ നീന്തൽ പരിശീലിപ്പിക്കുന്നു. | | | |

| | | | | |
|---|---|---|---|---|
| • ചുറ്റുപാടിൽ ജീവിക്കുന്നതിനുള്ള സുരക്ഷ നേടുന്നതിന്<br>• കുട്ടികളുടെ മാനസിക-ശാരീരിക ആരോഗ്യം മെച്ചപ്പെടുത്തുന്നതിന് | • സ്കൂളിന് ഒരു ഗെയിം,ദിവസവും 3 മണിക്ക് ശേഷം<br>• സൂംബ ഡാൻസ് എല്ലാ ദിവസവും സ്കൂൾ അസംബ്ലിയിൽ | 3 മാസം<br>ജൂൺ-മാർച്ച് | പി.ടി.എ പ്രസിഡന്റ് | |

<u>ഇംഗ്ലീഷ് കൈപിടിയിൽ ഈസി ഇംഗ്ലീഷ്</u>

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • <u>എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ അനായാസമായി പറയുവാനും വായിക്കുവാനും എഴുതുവാനുമുള്ള ശേഷി</u> | • <u>കുട്ടികളുടെ പഠന നിലവാരം കണ്ടെത്തി വിശകലനം ചെയ്ത് പരിമിതികളും മികവുകളും കണ്ടെത്തുന്നു.</u><br>• <u>പരിമിതികളെ അതിജീവിക്കാനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു.</u> | <u>**2** ആഴ്ച</u> | <u>ക്ലാസ് അധ്യാപകർ</u> | <u>എസ്.എസ്.എ, പി.ടി.എ</u> |

| | | | | |
|---|---|---|---|---|
| വികസിപ്പിക്കുന്നു. | • ഇംഗ്ലീഷ് ഭാഷ കേൾക്കാനും സംസാരിക്കാനും അവസരം ഒരുക്കുന്നു.<br><br>• ക്ലാസ് ലൈബ്രറിയിൽ നിന്ന് ചെറിയ ഇംഗ്ലീഷ് കഥാ പുസ്തകങ്ങൾ നൽകുന്നു.<br><br>• റീഡിങ്ങ് കാർഡുകൾ നിർമ്മിക്കുന്നു<br><br>• കുട്ടികളുടെ രചനകൾ ചേർത്ത് പതിപ്പുകൾ തയ്യാറാക്കുന്നു<br><br>• എല്ലാ ദിവസവും ഒരു ഇംഗ്ലീഷ് അവതരണം അസംബ്ലിയിൽ നടത്തുന്നു. | 1 മാസം<br><br>2 വർഷം<br><br>2 വർഷം<br><br>2 വർഷം | | |

| | | | | |
|---|---|---|---|---|
| | | | | |
| | | | | |

<u>ഗണിതം മധുരം ലളിതം</u>

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • വലുത്, ചെറുത്,കൂടുതൽ, കുറവ് കണ്ടെത്തുന്നു, സംഖ്യകളെ തിരിച്ചറിയുന്നു, എഴുതുന്നു<br><br>• രണ്ട് സംഖ്യകൾ | • മഞ്ചാടി,ഈർക്കിലി,മുത്തുകൾ എന്നിവ ഉപയോഗിച്ച് എണ്ണി നോക്കുന്നു.കൂടുതൽ,കുറവ് കണ്ടെത്തുന്നു.<br><br>• സംഖ്യ കാർഡുകളും ചിത്ര കാർഡുകളും ഉപയോഗിച്ച് സംഖ്യകളുടെ ലിഖിതരൂപം മനസ്സിലാക്കുന്നു.എഴുതുന്നു.<br><br>• ചിത്ര കാർഡുകൾ,വിവിധ | 1 വർഷം | ക്ലാസ് അധ്യാപകർ | പി. ടി. എ |

| | | | | |
|---|---|---|---|---|
| തമ്മിലുള്ള തുകയും വ്യത്യാസവും കണ്ടെത്തുന്നതിന്<br><br>• ചതുഷ്ക്രിയകൾ ചെയ്യുന്നതിന്<br><br>• ഗണിതം രസകരവും ആയാസരഹിതവും ആക്കാൻ | വസ്തുക്കൾ, സംഖ്യാകാർഡുകൾ മുതലായവ ഉപയോഗിച്ച് തുകയും വ്യത്യാസവും കണ്ടെത്തുന്നു. നിത്യ ജീവിതവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ കണ്ടെത്തി നിർദ്ധാരണം ചെയ്യുന്നു.<br><br>• വിവിധ വസ്തുക്കൾ,ചിത്രകാർഡുകൾ,സംഖ്യ കാർഡുകൾ ഉപയോഗിച്ച് സംഖ്യകൾ തമ്മിലുള്ള ബന്ധം കണ്ടെത്തുന്നു<br><br>• ഈർക്കിലി കെട്ടുകൾ ഉപയോഗിച്ച് സംഖ്യകൾ ഉണ്ടാക്കുന്നു.<br><br>• മൂന്ന് നാല് ക്ലാസുകളിലെ കുട്ടികളെ പ്രീ ടെസ്റ്റ് നടത്തി കുട്ടികളുടെ നിലവാരം അറിയുന്നു.<br><br>• പഠന പ്രവർത്തനങ്ങളും വർക്ക് | രണ്ട് കൊല്ലം<br><br>ആറുമാസം | | എസ്. എസ്. എ ഫണ്ട്<br><br>അധ്യാപകർ |

| | | | | |
|---|---|---|---|---|
| | ഷീറ്റുകളും തയ്യാറാക്കുന്നു. | | | പി. ടി. എ |
| | • പഠന ക്ലാസുകൾ നൽകുന്നു. | ഒരാഴ്ച | ക്ലാസ് അധ്യാപകൻ | |
| | • മനക്കണക്ക് പരിശീലനം<br>• ഗണിത മൂല ഒരുക്കൽ<br>• ഗണിത ക്ലബ്ബ് രൂപീകരണം | | | |
| • വേഗത്തിൽ ഗണിതക്രിയകളുടെ ഉത്തരം കണ്ടെത്താൻ | | ഒരു വർഷം | | |
| • സങ്കലന ഗുണിതക്രിയകൾ വേഗത്തിൽ ചെയ്യുന്ന | • സങ്കലന, ഗുണന പട്ടികകൾ രസകരമായ കളികളിലൂടെ ഉറപ്പിക്കുന്നു. | ഒരു വർഷം | | |
| | • കുസൃതി കണക്കുകൾ പൊതുവേദിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | ഒരു വർഷം | ക്ലാസ് അധ്യാപകർ | |
| | | ഒരുമാസം | | |

| | | | | |
|---|---|---|---|---|
| | | ഒരു വർഷം | | |
| | | | | |

ഭാഷ ശേഷി വികസനം മധുരം മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • മാതൃഭാഷ സുഗമമായി എഴുതാനും വായിക്കാനും കഴിയുന്നതിന് | • രണ്ട് മൂന്ന് നാല് ക്ലാസുകളിലെ കുട്ടികൾക്ക് പ്രീ ടെസ്റ്റ് നടത്തി എഴുതാനും | ഒരാഴ്ച | ക്ലാസ് അധ്യാപകർ | അധ്യാപകർ |

| | | | | |
|---|---|---|---|---|
| | വായിക്കാനും പ്രയാസം നേരിടുന്നവരെ കണ്ടെത്തുന്നു.<br><br>● പരിഹാര ബോധനത്തിനായി പഠനോപകരണങ്ങൾ വർക്ക് ഷീറ്റുകൾ എന്നിവ തയ്യാറാക്കുന്നു<br><br>● പരിഹാര ബോധനം നടത്തുന്നു. പോസ്റ്റ് ടെസ്റ്റ് നടത്തുന്നു<br><br>● കുട്ടികളുടെ രചനകളെ പ്രോത്സാഹിപ്പി | ഒരു വർഷം | | |

| | | | | |
|---|---|---|---|---|
| • സർഗ്ഗശേഷി വികസിപ്പിക്കുക | ക്കാൻ ആയി രചനാ ക്ലാസുകൾ സംഘടിപ്പിക്കുന്നു.<br>• എല്ലാമാസവും ഇൻലന്റ് മാസിക പ്രസിദ്ധീകരിക്കും | ഒരു വർഷം | | |
| | | | | |